വരൾച്ചമൂലം കാർഷികമേഖലയിലുണ്ടായ നഷ്ടം

95 [1227] ശ്രീ. എ. സി. മൊയ്തീൻ:
" മത്തായി ചാക്കോ:
" ടി. കെ. ദേവകുമാർ:
" എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ രൂക്ഷമായ വരൾച്ചമൂലം കാർഷികമേഖലയിൽ ഓരോ വിളകൾക്കുമുണ്ടായ നഷ്ടം എത്ര വീതമെന്ന് വിശദമാക്കാമോ;

(ബി) വരൾച്ചമൂലം കർഷകർക്കുണ്ടായ വിളനഷ്ടങ്ങൾക്കും ഉൽപ്പാദന നഷ്ടങ്ങൾക്കും സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) വരൾച്ചമൂലം നെൽകൃഷി നശിച്ച കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചത്;

(ഡി) പ്രസ്തുത പ്രഖ്യാപനമനുസരിച്ചുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 2003-2004 കാലഘട്ടത്തിലുണ്ടായ വരൾച്ചമൂലം സംസ്ഥാനത്തൊട്ടാകെ 1431.46 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിളതിരിച്ചുള്ള വിശദമായ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 2003 റാബിവിള സീസൺ മുതൽ, കൃഷിനാശത്തിനുള്ള നഷ്ട പരിഹാര തോത് ഇരട്ടിയായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. വിത്തും കുമ്മായവും സൗജന്യമായി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും നഷ്ടപരിഹാരം ലഭിക്കുന്നതിനു കർഷകരുടെ കുടുംബ വാർഷിക വരുമാനപരിധി നീക്കം ചെയ്യുകയും, ഭൂപരിധി നിയന്ത്രണത്തിൽ ഇളവ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) നഷ്ടപരിഹാര തുക ഇരട്ടിയായി വർദ്ധിപ്പിച്ചതു കൂടാതെ വരൾച്ച മൂലം നെൽക്കൃഷിക്ക് 25 ശതമാനമോ അതിൽ കൂടുതലോ കൃഷിനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്തും കുമ്മായവും ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ഡി) നൽകിയിട്ടുണ്ട്.

---

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly